പതിമൂന്നാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 895 — 08.03.12 ൽ -മറുപടിക്ക്

## പൊതുവിതരണ കേന്ദ്രങ്ങൾ ആരംഭിക്കൽ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. പുരുഷൻ കടലുണ്ടി | | ശ്രീ.ഷിബു ബേബിജോൺ (തൊഴിലും പുനരധിവാസവും ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) പുതുതായി പൊതുവിതരണ കേന്ദ്രം അനുവദിക്കുന്നതിനുള്ള നിബന്ധനകൾ എന്തൊക്കെയാണ്; | (എ) | സ്ഥലസൗകര്യമുള്ള കെട്ടിടം , ഗതാഗത യോഗ്യമായ സ്ഥലം, സമീപത്തുള്ള റേഷൻ കടകളുടെ പ്രവർത്തനത്തെ ബാധിക്കാതെ, പുതുതായി ആരംഭിക്കുന്ന ഡിപ്പോകളിൽ കുറഞ്ഞത് 400 കാർഡെങ്കിലും രജിസ്റ്റർ ചെയ്യുവാനുണ്ടായിരിക്കണം എന്നീ വ്യവസ്ഥകൾക്ക് അനുസൃതമായി ജില്ലാ കളക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് പുതിയ പൊതുവിതരണ കേന്ദ്രം അനുവദിക്കുന്നത് |
| (ബി) 100 ൽ അധികം കാർഡ് ഉടമകൾ ചേർന്ന് അപേക്ഷിക്കുകയും കേന്ദ്രത്തിന് കെട്ടിട സൗകര്യം ലഭ്യമാക്കുകയും കേന്ദ്രത്തിന്റെ നടത്തിപ്പിന് ആരെങ്കിലും തയ്യാറാവുകയും ചെയ്താൽ പുതിയ പൊതുവിതരണ കേന്ദ്രം അനുവദിക്കുമോ; വിശദമാക്കുമോ? | (ബി) | ഭൂപ്രകൃതി, സ്ഥലത്തിന്റെ പ്രത്യേകത തുടങ്ങിയ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ആവശ്യമാണെങ്കിൽ പൊതുവിതരണ കേന്ദ്രം അനുവദിക്കുന്നകാര്യം പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ